ഉണ്ടായിട്ടുള്ള കടബാദ്ധ്യതയിലെ വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും സ്വാഭാവികവും അനുക്രമവുമാണ്.

(ഇ) സ്വകാര്യ വ്യക്തികളിൽ നിന്നും ക്ഷേമനിധികളിൽ നിന്നും ഈ ഗവൺമെന്റ് വായ്പകൾ എടുത്തിട്ടില്ല.

3 (1735) വിവിധ വകുപ്പുകളിൽ നിന്നുള്ള റവന്യൂ വരുമാനം

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റവന്യൂ വരുമാനത്തിൽ 1994-95, 95-96, 96-97, 97-98, 98-99 എന്നീ വർഷങ്ങളിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച വരുമാനം വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളിൽ നിന്നും വരുമാനം കുറഞ്ഞത് ഏതെല്ലാം വകുപ്പുകളിലാണ്; അതിന്റെ കാരണം വിശദമാക്കുമോ;

(സി) വരുമാനം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 1994-95

		ബഡ്ജറ്റ് എസ്റ്റിമേറ്റ്	റവന്യൂ വരുമാനം
1)	സെയിൽസ് ടാക്സ്	1770.31	1864.93
2)	മോട്ടോർ വെഹിക്കിൾസ്	155.00	183.90
3)	ലാൻഡ് റവന്യൂ	20.41	22.65
4)	സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ	248.67	295.81
5)	അഗ്രികൾച്ചർ ഇൻകം ടാക്സ്	25.35	17.24
6)	ഫോറസ്റ്റ്	115.00	136.88
7)	എക്സൈസ്	340.43	353.21
8)	സ്റ്റേറ്റ് ലോട്ടറി	64.51	71.22.

1995-96		ബഡ്ജറ്റ് എസ്റ്റിമേറ്റ്	റവന്യൂ വരുമാനം
1)	സെയിൽസ് ടാക്സ്	2150.00	2285.96
2)	മോട്ടോർ വെഹിക്കിൾസ്	217.00	222.87
3)	ലാൻഡ് റവന്യൂ	34.50	23.71
4)	സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ	325.31	353.79
5)	അഗ്രികൾച്ചറൽ ഇൻകം ടാക്സ്	19.20	26.08
6)	ഫോറസ്റ്റ്	150.80	160.77
7)	എക്സൈസ്	390.00	449.29
8)	സ്റ്റേറ്റ് ലോട്ടറി	69.63	93.28

1996-97		ബഡ്ജറ്റ് എസ്റ്റിമേറ്റ്	റവന്യൂ വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

1)	സെയിൽസ് ടാക്സ്	2500.00	2758.09
2)	മോട്ടോർ വെഹിക്കിൾസ്	225.00	242.56
3)	ലാൻഡ് റവന്യൂ	43.50	31.39
4)	സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ	450.00	315.57
5)	അഗ്രികൾച്ചർ ഇൻകം ടാക്സ്	28.35	17.00
6)	ഫോറസ്റ്റ്	130.00	158.91
7)	എക്സൈസ്	370.83	399.56
8)	സ്റ്റേറ്റ് ലോട്ടറി	130.00	106.73

	1997-98	ബഡ്ജറ്റ് എസ്റ്റിമേറ്റ്	റവന്യൂ വരുമാനം
1)	സെയിൽസ് ടാക്സ്	3276.00	3106.79
2)	അഗ്രികൾച്ചർ ആന്റ് ഇൻകം ടാക്സ്	30.60	22.54
3)	എക്സൈസ്	550.00	537.00
4)	മോട്ടോർ വെഹിക്കിൾസ്	343.00	291.80
5)	ലാൻഡ് റവന്യൂ	34.50	36.67
6)	ഫോറസ്റ്റ്	130.00	142.37
7)	സ്റ്റേറ്റ് ലോട്ടറി	155.27	105.24
8)	സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ	500.00	279.10

	1998-99	ബഡ്ജറ്റ് എസ്റ്റിമേറ്റ്
1)	സെയിൽസ് ടാക്സ്	3828.00
2)	അഗ്രി. ഇൻകം ടാക്സ്	26.00
3)	എക്സൈസ്	614.25
4)	ലാൻഡ് റവന്യൂ	34.50
5)	സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ	400.00
6)	മോട്ടോർ വെഹിക്കിൾസ്	425.00
7)	സ്റ്റേറ്റ് ലോട്ടറി	160.00
8)	ഫോറസ്റ്റ്	150.00

98-99 ലെ യഥാർത്ഥ വരുമാനത്തിന്റെ കണക്ക് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടില്ല.

(ബി) ഫോറസ്റ്റ്, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകളിലാണ് വരുമാനം കുറവു വന്നിട്ടുള്ളത്. ഷാപ്പു ലേലത്തുകയിലുണ്ടായ കുറവ് എക്സൈസ് വകുപ്പിലും മരം മുറിക്കുന്നതു നിരോധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് സുപ്രീം കോടതിയുടെ വിധിയുണ്ടായതുമൂലം ഫോറസ്റ്റിലും ആധാരങ്ങളുടെ രജിസ്ട്രേഷൻ കാര്യമായി കുറഞ്ഞതും ഫെയർ വാല്യൂ നിശ്ചയിക്കാത്തതും സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ വകുപ്പിലും വരുമാനം കുറയാൻ ഇടയായിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട വകുപ്പുത്തലവൻമാരുടെയും ഗവൺമെന്റ് സെക്രട്ടറിമാരുടെയും സമ്മേളനം മാസം തോറും ചീഫ് സെക്രട്ടറി വിളിച്ചു കൂട്ടുകയും ടി സമ്മേളനത്തിൽ വച്ച് റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ ചർച്ചചെയ്തു തീരുമാനിച്ചു നടപ്പിലാക്കി വരികയും ചെയ്യുന്നു. കൂടാതെ ധനകാര്യമന്ത്രിയും റിവ്യൂ നടത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം നൽകുന്നുണ്ട്.

4 (1736) റവന്യൂ കമ്മി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.3.1999 വരെയുള്ള സംസ്ഥാനത്തിന്റെ മൊത്തം കടം സർക്കാർ കണക്ക് പ്രകാരം വ്യക്തമാക്കുമോ;

(ബി) 1998-99 സാമ്പത്തികവർഷത്തിലെ യഥാർത്ഥ റവന്യൂകമ്മി എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(സി) 1998-99 ലെ റവന്യൂ കമ്മി നികത്താൻ കടമെടുത്തിട്ടുണ്ടെങ്കിൽ എന്ത് പലിശ നിരക്കിലാണ് കടമെടുത്തത്;

(ഡി) സർക്കാർ വായ്പ എടുത്ത സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരങ്ങൾ വ്യക്തമാക്കുമോ;

(ഇ) വരവ് ചെലവ് സംബന്ധിച്ച് സർക്കാർ സൂക്ഷിക്കുന്ന കണക്കുകളും അക്കൗണ്ടന്റ് ജനറൽ സൂക്ഷിക്കുന്ന കണക്കുകളും തമ്മിൽ വ്യത്യാസമുണ്ടോ; എങ്കിൽ 1996-97,1997-98, 19998-99 വർഷങ്ങളിലെ വ്യത്യാസം വിശദമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം 31.3.1998 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം 14,471.71 കോടി രൂപയാണ്.

(ബി) അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) കടമെടുത്ത് റവന്യൂകമ്മി നികത്താൻ സാധിക്കുകയില്ല. റവന്യൂ കമ്മി അപ്രകാരം തന്നെ നിലനിൽക്കും. കടംമെടുക്കുന്നത് വായ്പായിനത്തിലുള്ള വരവായിട്ട് മാത്രമേ കണക്കാക്കുകയുള്ളൂ.

(ഡി) സർക്കാർ വായ്പയെടുത്ത സ്ഥാപനങ്ങൾ എൽ.ഐ.സി., ജി.ഐ.സി. നബാർഡ്, എൻ.സി.ഡി.സി. എന്നിവയാണ്.വ്യക്തികളിൽ നിന്നും വായ്പ സ്വീകരിച്ചിട്ടില്ല.

(ഇ) വരവ് ചെലവ് സംബന്ധിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകൾ സൂക്ഷിക്കുന്ന കണക്കുകളും അക്കൗണ്ടന്റ് ജനറൽ സൂക്ഷിക്കുന്ന കണക്കുകളും തമ്മിൽ വ്യാത്യാസം വരാറുണ്ട്. ഇത് സംബന്ധിച്ച അനുരഞ്ജന സർട്ടിഫിക്കറ്റ് (റി-കൺസിലിയേഷൻ സർട്ടിഫിക്കറ്റ്) നൽകി

LIBRARY ARCHIVES Kerala Legislative Assembly